**Malayala Manorama**

**29 August 2018**

**Aroor, After Flood, Dairy Farmers**

# ക്ഷീര കർഷകർ വലയുന്നു

അരൂർ • പ്രളയ ദുരന്തം മൂലം ക്ഷീര കർഷകർ വലയുന്നു.

കനത്ത മഴയും, കായലിലെ വേലിയേറ്റവും മൂലം കർഷകർ സൂക്ഷിച്ചിരുന്ന കാലിത്തീറ്റയും, വൈക്കോലും, പുല്ലുമെല്ലാം വെള്ളം കയറി നശിച്ചു.

ദിവസങ്ങളോളം മഴപെയ്ത്തും വേലിയേറ്റവും തുടർന്നതുമൂലം അരൂർ മേഖലയിൽ ആവശ്യത്തിന് പുല്ലു ലഭിച്ചിരുന്ന സ്ഥലങ്ങളെല്ലാം ചീഞ്ഞഴുകി.

ഇനി പുല്ലുകിളിർത്ത് വെട്ടിയെടുക്കാൻ പാകമാകണമെങ്കിൽ മാസങ്ങൾ വേണ്ടി വരും.

കാലിത്തീറ്റ ഉൽപാദിപ്പിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ കാലിത്തീറ്റ കർഷകർക്കു ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നില്ല.

ഇതുമൂലം ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനവും പ്രതിസന്ധിയിലായി. മഴയും വേലിയേറ്റവും മൂലം അരൂർ മേഖലയിൽ നിരവധി വീടുകളിൽ വളർത്തു മൃഗങ്ങൾ ചത്തുപോകുകയും ചെയ്തു.

പ്രളയം മൂലം ദുരിതത്തിലായ ക്ഷീരകർഷകരെ സഹായിക്കാൻ സർക്കാർ ഭാഗത്തു നിന്നു നടപടി ഉണ്ടാകണമെന്ന ആവശ്യം ശക്തമാണ്.